| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| II<br>വൃത്തങ്ങളെ പരിചയപ്പെടാം | 1. Pretest Questions<br>2. Pretest വിശകലനം<br>3. വൃത്തങ്ങൾ, ആരം, കേന്ദ്രം , വ്യാസം, ഞാൺ, ചാപം, മട്ട കോൺ എനിനവയെ കുട്ടികളിൽ ഉറപ്പിക്കുക.<br>4. അർദ്ധവൃത്തം എന്ന ആശയവും അതിലെ കോൺ $90^0$ എന്ന് സ്ഥാപിക്കും.<br>5. ഒരേചാപത്തിലെ കോണുകൾ തുല്യമാണെന്ന് ക്രോഡീകരിക്കുന്നു.<br>6. ഞാണും അവയുടെ അഗ്രബിന്ദു ഉൾപ്പെടുന്ന ആരങ്ങളും ഒരുസമപാർശ്വത്രികോണം ഉണ്ടാക്കുന്നു.<br>7. ചക്രീയചതുർഭുജം എന്ന ആശയം ചക്രീയ ചതുർഭുജത്തിന്റെ എതിർകോണുകൾ അനുപൂരകമാണെന്നുതെളിയിക്കൽ .<br>8. പരിവൃത്തം, നിർമ്മിക്കൽ<br>9. രണ്ട് ഞാണുകൾ പരസ്പരം ഖണ്ഡിക്കുമ്പോൾ അവയുടെ ഭാഗങ്ങളുടെ ഗുണനഫലം ഒരുപോലെ ആയിരിക്കും എന്ന് തെളിയിക്കൽ.<br>10. തുല്യപരപ്പുള്ള ചതുരം, സമചതുരം എന്നിവ ആശയം വെച്ച് വരയ്ക്കുന്നു.<br>11. പഠിച്ച ആശയങ്ങളുടെ വിശകലനം പ്രായോഗികതലത്തിലെ ഉപയോഗം എന്നിവ പഠിപ്പിക്കുന്നു. | ജൂൺ<br>ജൂലൈ | White board<br>ചാർട്ട്<br>Test Book<br>Instrument Box<br>Geogebra | 8,9,10 ക്ലാസ് കുട്ടികൾ | | | | | | |
| III<br>സാദ്ധ്യതകളുടെ ഗണിതം | 1. സാദ്ധ്യത എന്ന ആശയം കുട്ടികളിൽ നിന്നും രൂപീകരിക്കുന്നു.<br>2. ജ്യാമിതീയ സാദ്ധ്യത ചിത്രങ്ങളുടെ സഹായത്താൽ മനസിലാക്കുന്നു.<br>3. ജോഡികൾ എന്ന ആശയം അവതരിപ്പിക്കുന്നു. | ജൂലൈ | White board<br>ജ്യാമിതീയ ചിത്രങ്ങൾ ICT Test Book | 10 ക്ലാസ് കുട്ടികൾ | | | | | | |

## ഗണിതശാസ്ത്രം (HS)

| പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന വിശദാംശം | കാലയളവ് | സാമഗ്രികൾ | ഭൗതീക ഗുണഭോക്താവ് | ചുമതല വിഭജനം | ധനകാര്യ വിശകലനം | മോണിറ്ററിംഗ് | വിലയിരുത്തൽ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|
| സമാന്തര ശ്രേണിയെ അറിയാം | 1. Pretest Questions<br>2. Pretest വിശകലനം<br>3. ശ്രേണി പരിചയപ്പെടുത്തൽ<br>4. ശ്രേണിയിലെ പദങ്ങൾ, സ്ഥാനം പൊതുവിന്യാസം എന്നിവ ഉറപ്പിക്കൽ<br>5. പദവ്യത്യാസം, സ്ഥാനവ്യത്യാസം തമ്മിലുള്ള ബന്ധം<br>6. ബീജഗണിത രൂപത്തിന്റെ ആശയം<br>7. ബീജഗണിത രൂപത്തിന്റെ ഉപയോഗം.<br>8. ശ്രേണി രൂപീകരണം.<br>9. എണ്ണൽ സംഖ്യയുടെ തുക<br>10. സമാന്തരശ്രേണിയിലെ പദങ്ങളുടെ തുക.<br>11. വിലയിരുത്തൽ | ജൂൺ | White board<br>ശ്രേണി ചാർട്ട്<br>ICT<br>Test Book | Class X കുട്ടികൾ | ഗണിത അദ്ധ്യാപകർ | SSR Grants | HM,PTA,DEO,DIET,etc | | |

| പ്രവർത്തനം | പ്രവർത്തന വിശദാംശം | ഗുണഭോക്താവ് | കാലയളവ് | ധനകാര്യവിശകലനം | ചുമതല | മോണിറ്ററിംഗ് | വിലയിരുത്തൽ |
|---|---|---|---|---|---|---|---|
| ഗുണനം | ആവർത്തന സങ്കലനമാണ് ആശയത്തിൽ നിന്ന് തുടങ്ങുന്നു.<br><br>ഉദാ.ഒരു വരിയിൽ 6 കസേരകൾ ഉണ്ട് ആകെ 7 വരിയിൽ എത്ര | | 4 വർഷം | | | | |
| മനക്കണക്ക് | 2 അക്കസംഖ്യകൾ വരെയുള്ള മനക്കണക്കുകൾ ഈ ഘട്ടത്തിൽ ചെയ്യിക്കുന്നു. തുല്യമായി ഭാഗിക്കുന്നു. എന്ന ആശയത്തിൽ നിന്ന് തുടങ്ങുന്നു. | | | | | | |
| ഹരണം | ഉദാ. 20 മിഠായി 4 പേർക്ക് വീതിക്കൽ | | | | | | |
| പ്രശ്നാപഗ്രഥനം | 4 അക്കസംഖ്യകൾ വരെ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ അപഗ്രഥിച്ച് നിർദ്ധാരം ചെയ്യാനുള്ള പ്രവർത്തനങ്ങൾ | | | | | | |

| പ്രവർത്തനം | പ്രവർത്തന വിശദാംശം | ഗുണഭോക്താവ് | കാലയളവ് | ധനകാര്യവിശകലനം | ചുമതല | മോണിറ്ററിംഗ് | വിലയിരുത്തൽ |
|---|---|---|---|---|---|---|---|
| ചെറുത് വലുത് | ചെറുത് വലുത് തിരിച്ചറിയാനുള്ള പ്രവർത്തനങ്ങൾ | CWSN കുട്ടികൾ | 6 മാസം | | | | |
| ക്രമീകരിക്കൽ | വലുപ്പച്ചെറുപ്പം അനുസരിച്ച് ചെറുതിൽ നിന്നും വലുതിലേക്കും വലുതിൽ നിന്ന് ചെറുതിലേക്കും സംഖ്യകളെ ക്രമീകരിക്കുന്നു. ഉദാ. 5 കുട്ടികളുടെ ഭാരം/ ഉയരം നൽകുന്നു. മാർക്ക് ക്രമീകരിക്കാനാവശ്യപ്പെടുന്നു. | | | | | | |
| ക്രിയകൾ | 4 അക്കസംഖ്യകൾ വരെ കൂട്ടാനുള്ള പ്രവർത്തനങ്ങൾ വലുതിൽ നിന്ന് ചെറുത് കുറയ്ക്കാനുള്ള പ്രവർത്തനങ്ങൾ | പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾ | 1 മാസം | | | | |
| സങ്കലനം | | | | | | | |
| വ്യവകലനം | | | | | | | |

# ഗണിതശാസ്ത്രം Academic Master Plan UP

## മനക്കണക്ക് പ്രശ്നാപഗ്രഥനം

| പ്രവർത്തനം | പ്രവർത്തന വിശദാംശം | ഗുണഭോക്താവ് | കാലയളവ് | ധനകാര്യവിശകലനം | ചുമതല | മോണിറ്ററിംഗ് | വിലയിരുത്തൽ |
|---|---|---|---|---|---|---|---|
| സംഖ്യാബോധം-സ്ഥാനവില | സ്ഥാനവില പോക്കറ്റ് അബാക്കസ് തുടങ്ങിയവയുടെസഹായത്തോടെ ലക്ഷം വരെയുള്ള സംഖ്യകളുടെ സ്ഥാനവില ഉറപ്പിക്കുന്നു. | UP-(StdV,VII) ക്ലാസിലെ പിന്നോക്കം നിൽക്കുന്ന കുട്ടികൾ | 3 മാസം | Try grant<br>SSK | UP അദ്ധ്യാപിക | H.M,AEO DEO | Pre-Test & Post Test |
| സംഖ്യാവായന | സ്ഥാനവില അനുസരിച്ച് സംഖ്യകൾ വായിതക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.<br>നോട്ടുകൾ ഉപയോഗിക്കാം സംഖ്യകളുടെ വിലകൾ തിരിച്ചറിയാം<br>ഉദാ.5465 രൂപ<br>5 ആയിരം രൂപ<br>4 നൂറ് രൂപ<br>6 പത്ത് രൂപ<br>5 രൂപ | | | | | | |

VI **മേഖല: അക്കാദമിക**

**ഉപമേഖല: പ്രതിപോഷണം, പൊതുവിജ്ഞാനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രതിഭാശാലികളായ കുട്ടികൾക്ക് ശാസ്ത്ര പഠനത്തിൽ തുടർ ഗവേഷണസാദ്ധ്യതകൾ നൽകുക. | മികച്ചവിദ്യാർത്ഥികൾക്കായി പുത്തൻ ശാസ്ത്ര അറിവുകൾ മനസിലാക്കുന്നതിന് ശാസ്ത്രപ്രതിഭകളുമായുള്ള സംവാദം, പഠന നിരീക്ഷണക്യാമ്പ് തുടങ്ങിയവ ഒരുക്കുക. | ഹ്രസ്വം | സയൻസ് അദ്ധ്യാപിക | SSK |
| പുത്തൻ ശാസ്ത്രഅറിവുകൾ പങ്കുവെയ്ക്കുന്നതിനും ശാസ്ത്രാഭിരുചി വളർത്തുന്നതിനും | ശാസ്ത്രഅറിവുകൾ കൈവരിക്കുന്നതിന് ആഴ്ച തോറും മത്സരം സംഘടിഷിക്കുക. | ദീർഘം | സയൻസ് അദ്ധ്യാപിക | SSK |
| CWSN കുട്ടികളിൽ ശാസ്ത്രബോധം വളർത്തൽ | പാഠഭാഗത്തിന് അനുയോജ്യമായ ചിത്രം വരയ്ക്കൽ, വീഡിയോ പ്രദർശനം, ശാസ്ത്രസംബന്ധമായ ചെറിയ ഗെയിമുകൾ നൽകുക | ,, | ,, | ,, |

V മേഖല : അക്കാദമികം

ഉപമേഖല : സയൻസ് ലൈബ്രറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സയൻസ് ലൈബ്രറി സജ്ജമാക്കൽ | ശാസ്ത്ര മാസികകൾ സ്കൂളിൽ സ്ഥിരമായി വരുത്തുന്നു. സ്കൂൾ ലൈബ്രറിയിൽ പുസ്തകങ്ങൾ പ്രത്യേകം സജ്ജമാക്കുന്നു. | ദീർഘം<br>ഹ്രസ്വം | സയൻസ് ലൈബ്രറിയുടെ ചുമതലയുള്ള ആൾ | S.S.K.<br>എസ്.എസ്.കെ<br>പി.ടി.എ |
| | ലൈബ്രറി ഗ്രാന്റിൽ കൂടുതൽ ശാസ്ത്ര പുസ്തകങ്ങൾ വാങ്ങുന്നു. ക്ലാസ്സുകളിൽ ശാസ്ത്രമാസികകൾ ലഭ്യമാക്കുന്നു. ക്ലാസ്സ് റൂമുകളിൽ സജ്ജമാക്കിയിരിക്കുന്ന ഡിജിറ്റൽ ലൈബ്രറികളിൽ ശാസ്ത്ര പുസ്തകങ്ങൾ കൂടുതൽ ലഭ്യമാക്കുന്നു. | ദീർഘം<br>ദീർഘം | | S.S.K. |

IV മേഖല  അക്കാദമികം

ഉപമേഖല : പ്രകൃതിയെ അറിയാൻ, ശാസ്ത്രസമൂഹ നന്മയ്ക്കായി, പരിസ്ഥിതിപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഫീൽഡ് ട്രിപ്പ്, പരിസ്ഥിതി പഠന യാത്ര ഇവയിലൂടെ പ്രകൃതിയെ അറിയൽ | തന്റെ ചുറ്റുപാടിനെ അറിയുന്നതിനായി കൃഷി സ്ഥലം, കാർഷിക ഗവേഷണ കേന്ദ്രം, കുളം, വയൽ ആവാസവ്യവസ്ഥ, ഫീൽഡ് ട്രിപ്പ് | ഹ്രസ്വം | സയൻസ് അദ്ധ്യാപിക | സാമ്പത്തിക വിശകലനം |
| ശാസ്ത്ര സമൂഹ നന്മയ്ക്കായി ഉപയോഗപ്പെടുത്തുക | ബോധവൽക്കരണ ക്ലാസ്സുകൾ, ജീവിത ശൈലി രോഗങ്ങൾ, രക്തദാനത്തിന്റെ പ്രാധാന്യം | മധ്യം | സയൻസ് അദ്ധ്യാപിക<br>പി.എച്ച്.സി<br>ഡോക്ടർ | സാമ്പത്തിക വിശകലനം |
| ജൈവ വൈവിധ്യങ്ങളുടെ കലവറയാണ്. നമ്മുടെ ചുറ്റുപാടെന്ന് തിരിച്ചറിയുന്നതിനും സംരക്ഷിക്കുന്നതിനും | തന്റെ ചുറ്റുവാടിലെ സസ്യങ്ങൾ, അവയുടെ പ്രത്യേകതകൾ തിരിച്ചറിയുന്നതിനും സഹായകമാകുന്ന രീതിയിൽ ജൈവവൈവിധ്യ ഉദ്യാനം ഒരുക്കൽ | ദീർഘം | സയൻസ് അദ്ധ്യാപിക | |

III മേഖല : അക്കാദമികം

ഉപമേഖല : സയൻസ് ക്ലബ്ബ് കാര്യക്ഷമമാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സയൻസ് ക്ലബ്ബ് കാര്യക്ഷമമാക്കുക | പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ, ശാസ്ത്രപതിപ്പുകൾ നിർമ്മാണം, അവ ഡിജിറ്റൽ രൂപത്തിലാക്കുന്നു. ശാസ്ത്ര പഠന യാത്ര സംഘടിപ്പിക്കുന്നു. ശാസ്ത്ര ചുമരുകൾ, ശാസ്ത്ര ബുള്ള റ്റിൻ ബോർഡ് ഇവ ക്രമീകരിക്കുന്നു | ദീർഘം | സയൻസ് ക്ലബ്ബ് | പി.ടി.എ<br>എസ്. എസ്.കെ |

II മേഖല : അക്കാദമികം

ഉപമേഖല : ശാസ്ത്രപഠനം - അടിസ്ഥാനശേഷികൾ ഉറപ്പിക്കൽ, ശാസ്ത്ര അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠനത്തിലെ പിന്നോക്കാവസ്ഥ പരിഹരിക്കുക. ശാസ്ത്ര പഠന താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | പഠനത്തിലെ പിന്നോക്കകാരെ കണ്ടെത്തി അടിസ്ഥാന അളവുകൾ ഉറപ്പിക്കുന്നു. | മധ്യം | സയൻസ് അധ്യാപകൻ | S.S.K. |
| | ഐ.സി.ടി. സാധ്യതപരമാവധി ഉപയോഗപ്പെടുത്തുന്നു. | ദീർഘം | " | |
| | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ | ഹ്രസ്വം | " | |

# അടിസ്ഥാന ശാസ്ത്രം (HS + UP)

I മേഖല : അക്കാദമികം

ഉപമേഖല : ലാബ് ശാക്തീകണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു | സയൻസ് കിറ്റുകൾ ക്രമീകരിക്കുന്നു | ഹ്രസ്വം | സയൻസ് അദ്ധ്യാപിക | S.S.K. |
| | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്ക് ഇണങ്ങും വിധം ശില്പശാലകൾ ഷോപ്പുകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | " | |
| ആധുനിക സൗകര്യങ്ങളോടു കൂടിയ ശാസ്ത്ര ലാബ് സജ്ജമാക്കൽ | ശാസ്ത്രപഠനത്തിന് കൂടുതൽ സഹായകരമാകുന്ന തരത്തിൽ ആധുനിക ശാസ്ത്ര ലാബ് ഒരുക്കൽ | ദീർഘം | | |

| പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന വിശദാംശം | കാലയളവ് | ഭൗതികം/ ഗുണഭോക്താവ് | ചുമതലാവിഭജനം | ധനകാര്യവിശകലനം | മോണിറ്ററിംഗ് | വിലയിരുത്തൽ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|
| 1.ഭൂഖണ്ഡങ്ങളെ അറിയാം<br><br>ഉപലക്ഷ്യം<br>ഭൂഖണ്ഡങ്ങളെ കൃത്യമായി തിരിച്ചറിയുക | ഗ്ലോബിന്റെ സഹായത്താൽ ഭൂഖണ്ഡങ്ങൾ പരിചയപ്പെടൽ<br><br>ചിത്രീകരിക്കൽ അവയുടെ അതിരുകൾ സ്ഥാനം,ധ്രുവങ്ങളിൽ ഉൾക്കൊള്ളുന്ന രാജ്യങ്ങൾ | ദീർഘകാലം | ഗ്ലോബ്, ചാർട്ട്, മാഷ്സ്, ടോയിൻ, ഗ്ലൂ, കുട്ടികൾ | എസ്.എസ്.ട്രെയിനർ, എസ്.എസ് ക്ലബ്, എസ്.എസ്.ജി | ടീച്ചർ ഗ്രാന്റ് SSK | H.M,DEO,DDE, DIET, LSG മുതലായവ | മോണിറ്ററിംഗ് & ടേർമിലി | അക്കാഡമിക് ആഫീസർമാർ |
| 2.രേഖാംശരേഖ യും ദിനാംശരേഖ യും | രേഖാംശരേഖപടിഞ്ഞാറോട്ട്, കിഴക്കോട്ട്-സമയവുമായുള്ള ബന്ധം | | | | | | | |
| 3.അക്ഷാംശരേഖയും രാജ്യങ്ങളുടെ സ്ഥാനവും | ഗ്ലോബിൽ രാജ്യങ്ങൾ നിർണ്ണയിക്കുന്നു. കണ്ടെത്തൽ അവതരണം അയൽരാജ്യങ്ങൾ പറയൽ | മദ്ധ്യകാലം | | | | | | |
| 4.സ്ഥാനം പറഞ്ഞാൽ രാജ്യങ്ങളുടെ അതിര് കണ്ടെത്തൽ | പൊതുവേദിയിൽ അവതരിപ്പിക്കാൻ പ്രാപ്തിനേടുന്നു. | | | | | | | |

## ഗ്ലോബ് പഠനം

| പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന വിശദാംശം | കാലയളവ് | ഭൗതികം/ഗുണഭോക്താവ് | ചുമതലാവിഭജനം | ധനകാര്യവിശകലനം | മോണിറ്ററിംഗ് | വിലയിരുത്തൽ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|
| രാത്തിയും പകലും | ചരിവ്-23 $\frac{1}{2}$ °+ 66$\frac{1}{2}$ ° ലംബചരിവ്, തിരശ്ചീന ചരിവ്-പ്രവർത്തനത്തിലൂടെ 66$\frac{1}{2}$ ° യിൽ പകൽ 24 മണിക്കൂർ രാത്രി 24 മണിക്കൂർ 0 ° സമരാത്രദിനങ്ങൾ രാത്രി 12 മണിക്കൂർ, അയനങ്ങൾ 23$\frac{1}{2}$ ° N 23$\frac{1}{2}$ ° S ധ്രുവങ്ങൾ 90$^0$ S രാത്രി 6 മാസം പകൽ 6 മാസം 90$^0$N രാത്രി 6 മാസം പകൽ 6 മാസം രാത്രി പകൽ ഇവയുടെ ദൈർഘ്യ വ്യത്യാസം അക്ഷാംശരേഖ, രേഖാംശരേഖ, രേഖാംശരേഖ ചരടുപയോഗിച്ചുള്ള പ്രവർത്തനം. | ഹ്രസ്വകാലം | ഐ.സി.റ്റി, ചാർട്ട്, കുട്ടികൾ | സോഷ്യൽ സയൻസ് ടീച്ചർ | സോഷ്യൽ സയൻസ് ടീച്ചർ സോഷ്യൽ സയൻസ് ക്ലബ്, എസ്.എസ്.ജി | ടീച്ചർ ഗ്രാന്റ് SSK | H.M,DEO,DDE,LSG | |

# ജില്ലകളിലൂടെ

| പ്രവർത്തന ത്തിന്റെ പേര് | പ്രവർത്തന വിശദാംശം | കാലയളവ് | ഭൗതികം/ ഗുണഭോക്താവ് | ചുമതലാ വിഭജനം | ധനകാര്യ വിശകലനം | മോണിറ്ററിംഗ് | വിലയിരുത്തൽ | റിമാർക്സ് |
| --- | --- | --- | --- | --- | --- | --- | --- | --- |
| ജില്ലകളിലൂടെ | ഓരോ ജില്ലയുടേയും പേരുകൾ പറയുമ്പോൾ ആ ജില്ലയുടെ ആസ്ഥാനം അതിർത്തികൾ പ്രധാന ചരിത്ര സ്മാരകങ്ങൾ, ആ ജില്ലയിലെ പ്രമുഖ വ്യക്തികൾ സുഖവാസ കേന്ദ്രങ്ങൾ എന്നിവെക്കുറിച്ചുള്ള അിറവ് നേടാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | 6 മാസം | ഐ.സി.റ്റി. ഇയർബുക്ക് കുട്ടികൾ | സോഷ്യൽ സയൻസ് ടീച്ചർ കുട്ടികൾ | സോഷ്യൽ സയൻസ് ടീച്ചർ സോഷ്യൽ സയൻസ് ക്ലബ്ബ് | SRG, H.M, P.T.A | H.M, DEO, DDE, LSG | |

# സ്വാതന്ത്ര്യസമരം

| പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന വിശദാംശം | കാലയളവ് | ഭൗതികം/ ഗുണഭോക്താവ് | ചുമതലാവിഭജനം | ധനകാര്യവിശകലനം | മോണിറ്ററിംഗ് | വിലയിരുത്തൽ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|
| സ്വാതന്ത്ര്യസമര സേനാനികൾ | സ്വാതന്ത്ര്യസമര സേനാനികളുടെ പേരുകൾ, അവർ ആരംഭിച്ച പ്രസ്ഥാനങ്ങൾ, അവയുടെ ലക്ഷ്യങ്ങൾ,പേരുകൾ പറയുമ്പോൾ കുട്ടികൾ സ്വാതന്ത്ര്യസമരസേനാനിയുമായി ബന്ധപ്പെട്ട പരമാവധിവിവരങ്ങൾഅവതരിപ്പിക്കാൻ പ്രാപ്തരാക്കുന്നു. | 3 മാസം | ഐ.സി.റ്റി, കുട്ടികൾ, | സോഷ്യൽ സയൻസ് ടീച്ചർ കുട്ടികൾ | സോഷ്യൽ സയൻസ് ടീച്ചർ സോഷ്യൽ സയൻസ് ക്ലബ് | SRG,H.M,P.T.A | H.M,DEO,DDE,LSG | |
| CWSN കുട്ടികൾക്കുള്ള പ്രവർത്തനം | ദേശസ്നേഹികളുടേയും സ്വാതന്ത്ര്യസമരസേനാനികളുടേയും ചിത്രങ്ങൾ, വീഡിയോഇവപരിചയപ്പെടുത്തുന്നു. | | CWSN കുട്ടികൾ | | | | | |

**ICT പ്രവർത്തന മാതൃകകൾ**

ICT വിഷയവുമായി ബന്ധപ്പെടുത്തി എങ്ങനെ ഉപയോഗിക്കാം എന്ന് SRG യിൽ ചർച്ച കുട്ടികളുടെ എണ്ണത്തിനനുസരിച്ച് സാമൂഹ്യ ശാസ്ത്ര റൂം സജ്ജമാക്കൽ.

Field - Irip, ദുരന്ത ഉണ്ടായ പ്രദേശങ്ങളുടെ സി.ഡി. പ്രദർശനം ഗ്രാമീണ സന്ദർശനം.

**ചിത്രപ്രദർശനം**

ക്ഷേത്രോത്സവങ്ങൾ ആഘോഷപൂർവ്വം കൊണ്ടാടുന്ന വിവിധ മതസ്ഥരുടെ കൂട്ടായ്മ, നാടകങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ

**ഡോക്യുമെന്ററി പ്രദർശനം**

സ്കൂളും പരിസരവും പ്ലാസ്റ്റിക് വിമുക്തമേഖലയാക്കൽ, പരിസ്ഥിതി വസ്തുക്കളുടെ ശേഖരണം ഇവയുടെ Presentation.
CWSN കുട്ടികളെ പരിഗണിക്കൽ

ആശയങ്ങൾ ചിത്രങ്ങളിലൂടെയും മോഡലുകളിലൂടെയും ശ്രദ്ധയിൽപ്പെടുത്തൽ, ICT സാധ്യത ഉപയോഗിച്ച് പഠനം ആകർഷകമാക്കൽ, ഒഴിവുദിനങ്ങളിൽ പഠനോത്സവം സംഘടിപ്പിക്കൽ.
പ്രതികരണ പ്രവർത്തനങ്ങൾ

ഡിജിറ്റൽ ആൽബം, വ്യക്തിഗതമായും, ഗ്രൂപ്പായും തയ്യാറാക്കി പ്രദർശിപ്പിക്കൽ, ദിനാചരണങ്ങൾ, പ്രാദേശിക വിഭവ ഭൂപട നിർമ്മാണം.

**ആവശ്യമായ ഭൗതിക സൗകര്യങ്ങൾ**

സാമൂഹ്യ ശാസ്ത്ര ലാബ്, സാമൂഹ്യശാസ്ത്ര പുസ്തകങ്ങൾ, ഭൂപടങ്ങൾ, അറ്റ്ലസ്, ഗ്ലോബ് ICT അധിഷ്ഠിത ക്ലാസ്സ് റൂം, പഴയകാല ഉപകരണങ്ങൾ, നാണയങ്ങൾ etc.

ഭൂപട നിർമ്മാണ, ആൽബപ്രദർനം ചരിത്രപധന അവലോകനം, ക്വിസ് മത്സരം, ചുമർപത്രം, ആൽബം.

ചരിത്ര സ്മാരക സന്ദർശനം, ചരിത്ര പ്രാധാന്യമുള്ള സ്ഥല സന്ദർശനം, ആനുകാലിക വിഷയങ്ങളെക്കുറിച്ചുള്ള മത്സരങ്ങൾ.

# അക്കാദമിക മാസ്റ്റർ പ്ലാൻ
## സോഷ്യൽ സയൻസ്

**പൊതുലക്ഷ്യങ്ങൾ**

→ സാമൂഹ്യശാസ്ത്ര വിഷയം കൂടുതൽ ശാസ്ത്രീയമാക്കുക.
→ കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ സാമൂഹ്യ ശാസ്ത്ര പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.
→ സാമൂഹ്യ ശാസ്ത്രത്തിൽ ICT സാധ്യത പ്രയോജനപ്പെടുത്തുക.
→ പഠനം കൂടുതൽ തനിമയുള്ളതാക്കുക.
→ സാമൂഹ്യശാസ്ത്ര പഠനശേഷി വികസിപ്പിക്കുക
→ പ്രാദേശിക ചരിത്രബോധം വളർത്തുക
→ പഠന യാത്രകൾ സംഘടിപ്പിച്ച് ചരിത്രപഠനം കാര്യക്ഷമമാക്കുക.
→ ക്ലബ് പ്രവർത്തനങ്ങളിലൂടെ സാമൂഹിക അവബോധം വളർത്തുക

സാമൂഹ്യ ശാസ്ത്ര പഠനം - പ്രശ്നങ്ങൾ

→ 5 മുതൽ 10 വരെ ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ശേഷികൾ, ധാരണ ആശയങ്ങൾ എന്നിവ നേടാൻ കഴിയുന്നില്ല.
→ വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ, സങ്കേതങ്ങൾ എന്നിവ പ്രയോജനപ്പെടുത്തുന്നതിന് പ്രായോഗിക പ്രശ്നങ്ങൾ ഉണ്ട്.
→ പരിശീലന പഠനപ്രക്രിയ വൈവിധ്യമാക്കുന്നതിനും ശാസ്ത്രീയമാക്കുന്നതിനും സാധിക്കുന്നില്ല.

**ഭൗതികം**

ക്ലാസ് മുറികൾ പഠനതന്ത്രങ്ങൾ ആവിഷ്ക്കരിക്കുന്നതിന് അനുയോജ്യമായവയല്ല.

**സാമൂഹികം**

പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തുന്നു.

| | | | | | | | |
|---|---|---|---|---|---|---|---|
| 3. ആശയങ്ങൾ തെറ്റു കൂടാതെ പ്രകടിപ്പിക്കാനും സർഗ്ഗാത്മക രചനകൾ വികസിപ്പിക്കുവാനുമുള്ള അവസരം (സുരീലി ഹിന്ദി) | ഹിന്ദി അസംബ്ലി ദിനാചരണങ്ങൾ (സെപ്റ്റംബർ14,ജനുവരി 10) ക്ലാസ് ലൈബ്രറി, അധിക വായന, സാമഗ്രികൾ,ചിത്രസഹായത്തോടെ ചിത്രകഥതയ്യാറാക്കൽ, ചിത്രം- അടിക്കുറുപ്പ് ചിത്രം-കഥപറയൽ ചിത്രം- കഥ എഴുതൽ കഥ പൂർണ്ണമാക്കൽ വായന മൂല ഹിന്ദിക്ലബ് പ്രവർത്തനങ്ങൾ | നവംബർ - ഫെബ്രുവരി | പുസ്തകങ്ങൾ | കുട്ടികൾ | ഹിന്ദി ടിച്ചർ | SSK Grant | H.I PT DE DII E |
| 4.CWSN കുട്ടി കൾക്കുള്ള പരിശീലനം | ചിത്രങ്ങൾ വരപ്പിക്കുക, ചിത്രങ്ങളുടെ സഹായത്തോടെ വാക്കുകൾ പഠിപ്പിക്കുക | Long Term | ” | ” | ” | ” | |

# ഹിന്ദി (HS + UP))

| പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന വിശദാംശം | കാലയളവ് | സാമഗ്രികൾ | ഭൗതിക ഗുണഭോക്താവ് | ചുമതല വിഭജനം | ധനകാര്യ വിഭജനം | മോണിറ്ററിംഗ് | വിലയിരുത്തൽ റിവ്യൂ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|
| UP HS<br>എല്ലാ തലത്തിലെ എല്ലാം കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിൽ | അക്ഷരം എഴുത്ത്.<br>ചിഹ്നം ഉറപ്പിക്കൽ<br>അക്ഷരം കാർഡ്<br>വാക്കുകൾ എഴുതിയ കാർഡ്<br>ക്ലാസിൽ അക്ഷരമാല പ്രദർശനം<br>അക്ഷരമാല കളികൾ<br>വാക്കുകൾ നിർമ്മാണം | ജൂൺ - ആഗസ്റ്റ് | അക്ഷര ചാർട്ട്, പാഠപുസ്തകം | കുട്ടികൾ | ഹിന്ദി ടീച്ചർ | SSK Grants | H.M, PTA DEO DIET | Pretest & Post test | |
| 2. വീട് ഒരുപരീക്ഷണ ശാല കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക | വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക തയ്യാറാക്കുക<br>ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം | സെപ്റ്റംബർ ഒക്ടോബർ | ഹിന്ദി നിഘണ്ടു | കുട്ടികൾ | " | " | " | | |

## ENGLISH (UP,HS)

| Sl.No | Aims | Activities | Period | Materials | Duty | Financial | Support | Monetary | Evaluation | Support |
|---|---|---|---|---|---|---|---|---|---|---|
| | Ability to frame discourses | Framing questions Yes/No<br>Short answer (UP)<br>Completing sentences<br>Work Puzzling | Long Tems | Book TB Library | English Trs Hs+UP | SSK | DEO, AEO,HM etc. | Monthly/Weekly | DIET SSK | |
| | Expert class | Speeches (on the spot) UP+ HS<br>Writing small songs and composing | | | | | | | | |
| | Discourse Writing | Presentation skills<br>Interview-conducting<br>UP-HS | Long Terms | Expert on different fields | | | | | | |
| | To attract classroom activities for CWSN students | Picture familiarizing<br>English action songs<br>Playing games<br>Identifying objects | Long terms | Book ICT TB, HB News paper | | | | | | |

Objective : 10 develop the competency in framing, developing and writing .............................. discourses according to the ability of all students in our school.

| Sl. No. | Aims | Activities | Period | Materials | Duty | Financial | Support | Monetary | Evaluation | Sup..... |
|---|---|---|---|---|---|---|---|---|---|---|
| | Ability to achieve the skills such as reading writing and speaking | Celebrate English assembly in every week (UP + HS)<br><br>Using English Communication once in a weeks (UP +HS)<br><br>Strengthing English club activities UP + HS<br><br>Reading News paper (UP + HS) and prepare shortnotes<br><br>Picture reading UP<br>Word game UP<br><br>Preparing Role play (group) Activity regarding the following<br>Topics UP + HS<br>Social issues<br>Cinema<br>Medias etc. | Short Items | Books, ICT, News paper, CD ...... | English Teacher HS Section | SSK Library | HM DEO etc. | Monthly | SPG SSK DIET | |

| ക്രമ നമ്പർ | ഉപലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ചുമതല | മേൽനോട്ടം | വിലയിരുത്തൽ | പിന്തുണ സംവിധാനം |
|---|---|---|---|---|---|---|---|---|
| | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് സർഗ്ഗാത്മക രചനകൾ തയ്യാറാക്കുന്നതിനും അവതരിപ്പിക്കുന്നതിനും മികച്ചവ പ്രസിദ്ധീകരിക്കുന്നതിനുള്ളസഹായം നൽകൽ | ഭിന്നനിലവാരക്കാർക്ക് യോജിച്ച തരത്തിലുള്ളസർഗ്ഗാത്മകരചനയ്ക്കുള്ളഅവസരം നൽകൽ<br><br>വ്യക്തിഗത രചനാ അവസരം നൽകൽ മികച്ചവ കണ്ടെത്തൽ<br><br>പൊതുവേദികളിൽ അവതരിപ്പിക്കൽ പ്രോത്സാഹനം നൽകൽ<br><br>സ്കൂൾ മാഗസിനിൽ പ്രസിദ്ധീകരിക്കൽ<br><br>മാദ്ധ്യമങ്ങളിൽപ്രസിദ്ധീകരണത്തിന് യോജിച്ചവയ്ക്ക് അതിനാവശ്യമായ ക്രമീകരണം നൽകൽ<br><br>മികച്ച സാഹിത്യ പ്രതിഭകളെ സൃഷ്ടിക്കൽ | ദീർഘകാലം | പേപ്പറുകൾ , പേന, ലൈബ്രറി, പുസ്തകങ്ങൾ, പ്രസിദ്ധീകരണങ്ങൾ | വിദ്യാരംഗം കലാസാഹിത്യ വേദി, Mala. Tr.SRG | HM,PTA,SRG | Year end | HM, DEO, DIET, etc |
| | CWSN കുട്ടികൾക്കുള്ള പരിശീലന പ്രവർത്തനം | .ഭിന്നനിലവാരക്കാരായ കുട്ടികൾക്ക് പാഠഭാഗത്തിലെ പുതിയ പദങ്ങൾ പരിചയപ്പെടുത്തുന്നു.<br><br>ചിത്രരചനയ്ക്ക് അവസരം നൽകുന്നു. കവിതകൾ ഈണം കണ്ടെത്തി ചൊല്ലാൻ സഹായിക്കുന്നു.<br><br>പാഠഭാഗത്തിന് സഹായകരമായ ടീച്ചിംഗ് എയ്ഡുകളുടെ നിർമ്മാണത്തിന് സഹായിക്കുന്നു. | | | | | | |

എല്ലാ കുട്ടികളും എല്ലാ വ്യവഹാര രൂപങ്ങളിലും പ്രാവീണ്യം നേടുന്നു. പ്രത്യേക കഴിവുള്ള കുട്ടികളെ അവർക്ക് കഴിവുള്ള മേഖലയിൽ നൈപുണി വളർത്തി പ്രതിഭകളെ സൃഷ്ടിക്കുന്നു

## മലയാളം HS & UP

| പ്രവർത്തനത്തിന്റെ പേര്/ ഉപലക്ഷ്യം | പ്രവർത്തന വിശദാംശം | കാലയളവ് | ഭൗതികം | ചുമതല ഗുണഭോക്താവ് | ധനകാര്യ വിഭജനം | മോണിറ്ററിംഗ് വിശകലനം | വിലയിരുത്തൽ രീതി | റിസോഴ്സ് |
|---|---|---|---|---|---|---|---|---|
| ലൈബ്രറി ക്രമീകരിച്ച് വായനയ്ക്ക് സജ്ജമാക്കൽ | ടലൈബ്രറി പുസ്തകങ്ങൾ കഥ, കവിത, നിരൂപണം, നോവൽ, യാത്രാവിവരണം, നാടകം എന്നീ തരത്തിൽ ക്രമീകരിക്കുന്നു<br><br>കുട്ടികൾ അവ ക്രമീകരിക്കുന്നു<br><br>പരിചപ്പെടുന്നു | പ്രാരംഭകാലം | അലമാര, ചാർട്ട്, പേന, ബുക്ക് | വിദ്യാരംഗം കൂട്ടായ്മ | SSK, S SA, Grant | HM, DEO, DIET, etc | End | Charts, Students, MPT |
| പാഠഭാഗത്ത് പ്രതിപാദിക്കുന്ന എഴുത്തുകാരെ കൂടുതൽ അറിയുന്നതിനായി അവരുടെ മറ്റ് രചനകൾ പരിചയപ്പെടുത്തുന്നതിന് അവസരം ഒരുക്കൽ | പാഠഭാഗത്ത് വരുന്ന എഴുത്തുകാരെ കൂടുതൽ അറിയുന്നതിനായി മറ്റ് രചനകൾ ശേഖരിക്കൽ (വ്യക്തിഗതം)<br><br>വായന ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>നിരൂപണം തയ്യാറാക്കൽ<br>പതിപ്പു നിർമ്മാണം (ഗ്രൂപ്പടിസ്ഥാനം)<br><br>പൊതുപ്രകാശനം | മധ്യകാലം | പുസ്തകങ്ങൾ, പേപ്പർ, ചാർട്ട്, പേന മുതലായവ | മലയാളം ക്ലബ് | Mala Tr. Hm. SRGP IET, etc Teacher Grants | HM, DEO, etc | Term and | PTA, SSK, DIET, etc |

6. Improvised ഉൽപ്പന്നങ്ങൾ നിർമ്മാണ ശിൽപ്പശാല.
7. ICT- Graphic design പരിശീലനം.
8. മലയാളം ടൈപ്പിംഗ് പരിശീലനം.
9. സോപ്പ് നിർമ്മാണം.
10. ലോഷൻ നിർമ്മാണം.
11. ചോക്ക് നിർമ്മാണം.
12. ചന്ദനത്തിരി നിർമ്മാണം.

**ദീർഘകാലപ്രവർത്തനം(UP+ HS)**

1. ജൈവ വൈവിദ്ധ്യപാർക്ക് പ്രവർത്തനം സജ്ജമാക്കുക.
2. രക്ഷകർതൃയോഗങ്ങൾ Corner PTA ആക്കുക.
3. ശാസ്ത്രപ്രദർശനങ്ങൾ സംഘടിപ്പിക്കുക.
4. പത്രികകൾ, മാസികകൾ ഇവ പുറത്തിറക്കുക
5. ഔഷധസസ്യതോട്ടം നിർമ്മിക്കുക.
6. ഭക്ഷ്യമേള സംഘടിപ്പിക്കുക.
7. യോഗ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
8. പഠനപ്രോജക്ടുകൾ ഏറ്റെടുക്കുക.
9. പഠനയാത്രകൾ സംഘടിപ്പിക്കുക.
10. കാവുകൾ, കുളങ്ങൾ ഇവ സന്ദർശിക്കുക.
11. ജീവകാരുണ്യപ്രവർത്തനങ്ങൾ ഏറ്റെടുക്കുക.
12. സൈബർ കുറ്റകൃത്യങ്ങൾക്കെതിരെയുള്ള ക്ലാസ്സുകൾ സംഘടിപ്പിക്കുക.
13. ട്രാഫിക് നിയമങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുക.
14. ജീവിതനൈപുണി നേടുന്നതിന് സഹവാസക്യാമ്പുകൾ സംഘടിപ്പിക്കുക
15. ഭക്ഷണത്തിലെ മായം, ഫാസ്റ്റ് ഫുഡ്, സോഫ്റ്റ് ഡ്രിംഗ്സ് ഇവയെക്കുറിച്ച് ബോധവൽക്കരണക്ലാസ് നടത്തുക.
16. രക്തപരിശോധന, ഗ്രൂപ്പ് നിർണ്ണയം ഇവ നടത്തുക.
17. ലഹരി ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുക.
18. ദിനപത്രങ്ങൾ വായിച്ച് അതിനെ അടിസ്ഥാനമാക്കി ഓരോ ദിവസവും ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക.
19. ക്രിയേറ്റീവ് കോർണറിലെ വ്യത്യസ്തങ്ങളായ നൈപുണി പ്രവർത്തനങ്ങൾ (പാചകം, L.E.D ബൾബ് നിർമ്മാണം, തുന്നൽ, പ്ലംബ്ബിംഗ്)കാര്യക്ഷമമായി പ്രയോജനപ്പെടുത്തുക.

പി.റ്റി.എ, എം.പി.റ്റി.എ, എസ്.എം.ഡി.സി ഇവയുടെ പൂർണ്ണ സഹകരണം ഉറപ്പുവരുത്തും.

**മറ്റ് പ്രവർത്തനങ്ങൾ**

**ഹ്രസ്വകാലം**

1. സ്കൂളിൽ ഔഷധ ഉദ്യാനം നിർമ്മിക്കൽ
2. ശലഭങ്ങൾക്ക് വിടൊരുക്കൽ
3. രക്ഷിതാക്കളുടെ യോഗം കാര്യക്ഷമമാക്കൽ
4. ക്ലാസുതലപതിപ്പ് നിർമ്മാണം.
5. ദിനാചരണപ്രവർത്തനത്തിന് ആവശ്യമായ പോസ്റ്റർ നിർമ്മാണം.
6. നോട്ടീസ് തയ്യാറാക്കൽ മൽസരം
7. വ്യക്തി ശുചിത്വം- പരിസരശുചിത്വം ഇവയ്ക്കുള്ള പ്രാധാന്യം തിരിച്ചറിയൽ- ക്ലാസ്.
8. തെറ്റില്ലാത്ത രചന- വ്യക്തിഗത പ്രവർത്തനം
9. മൽസരപരീക്ഷാപരിശീലനം.
10. ചോദ്യനിർമ്മാണം- ഉത്തരപ്പെട്ടിയിലേക്കാവശ്യമായവ.
11. പോഷകാഹാരം- വളർച്ചയ്ക്ക്.
12. പത്രവായന(ഇംഗ്ലീഷ്) പരിപോഷണം.
13. പച്ചക്കറിത്തോട്ടനിർമ്മാണം.

**മദ്ധ്യകാലം**

1. എല്ലാ കുട്ടികളും മികവുള്ളവരാണെന്ന് തിരിച്ചറിയുന്നതിന് വ്യക്തിഗതപ്രവർത്തനങ്ങൾ നൽകി സ്വയം വിലയിരുത്തലിന് അവസരം നൽകുന്നു.
2. യു.പി,എച്ച്.എസ് വിഭാഗത്തിലെ കുട്ടികൾക്ക് യഥാക്രമം കേരളം, ഇന്ത്യ ഇവ തെറ്റുകൂടാതെ ചിത്രീകരിക്കുന്നതിനും തങ്ങളുടെ സ്ഥാനം കണ്ടെത്തുന്നതിനും പ്രാപ്തി നേടുക.
3. നാടകം തയ്യാറാക്കൽ- അവതരിപ്പിക്കൽ യു.പി,എച്ച്.എസ്.
4. വ്യായാമം, യോഗ ആരോഗ്യത്തിന് - ക്ലാസ് പരിശീലനം.
5. നിർമ്മാണങ്ങൾ- Teaching aids

2. വിദ്യാലയത്തിലെ അക്കാദമിക മികവ് പൊതു സമൂഹത്തെ പരിധിയിൽ കൂടുതൽ ബോദ്ധ്യപ്പെടുത്തുന്നതിന് കഴിയുന്നില്ല.
3. സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന കുട്ടികൾ മാത്രം പഠിക്കുന്ന സ്കൂളായി ഒറ്റപ്പെട്ടുനിൽക്കുന്ന അവസ്ഥ.
4. കായിക വിദ്യാഭ്യാസത്തിന് ആവശ്യമായ ഗ്രൗണ്ടിന്റെ കുറവ്.
5. സ്കൂൾ സമൂഹത്തിന്റേതായി മാറാത്ത അവസ്ഥ.
6. ആവശ്യമായ ശുചിമുറികളുടേയും ഭിന്നശേഷി സൗഹൃദ ശുചിമുറികളുടേയും കുറവ്.
7. ആധുനിക സൗകര്യങ്ങളോടുകൂടിയ അടുക്കളയുടേയും ഊണുമുറികളുടേയും അഭാവം.
8. കലാകായിക പ്രവൃത്തി പരിചയ അദ്ധ്യാപകരുടെ അഭാവം.

## ലക്ഷ്യങ്ങൾ

1. കരിക്കുലം വിഭാവന ചെയ്യുന്ന പഠനനേട്ടങ്ങൾ എല്ലാ കുട്ടികൾക്കും സമീപനത്തിൽ അധിഷ്ഠിതമായ രീതിയിൽ ലഭ്യമാക്കും. ഭിന്ന ശേഷിക്കാർക്ക് നിലവാരത്തിനനുസരിച്ച്.
2. പ്രകൃതി- പരിസ്ഥിതി സൗഹൃദപരമായ അവബോധം കുട്ടികളിൽ വളർത്തിയെടുക്കുന്നതിന് ബയോഡൈവേഴ്സിറ്റി പോലുള്ള ക്ലബ്ബിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കും.
3. വിദ്യാലയത്തിന്റെ ആകർഷണീയത ഉറപ്പുവരുത്തുന്നതിന് ആവശ്യമായ രീതിയിൽ ഹൈടെക് ക്ലാസ് റൂം ഇവിടെ പ്രവർത്തനസജ്ജമാക്കും.
4. രക്ഷിതാക്കളുടേയും പരിസരവാസികളുടേയും സഹകരണവും

- വിവിധ മത്സര പരീക്ഷകൾ നേരിടുന്നതിനുള്ള മികച്ച പരിശീലനങ്ങൾ അദ്ധ്യാപകർ നൽകി വരുന്നു.
- മികച്ച രീതിയിൽ അസംബ്ലി കുട്ടികളുടെ നേതൃത്വത്തിൽ നടത്തുന്നു.
- കുടിവെള്ളം ശുദ്ധമായതും, തിളപ്പിച്ചാറിയതുമാണ്. ശുചിമുറികളിൽ ജല സൗകര്യം മുഴുവൻ സമയവും ലഭ്യമാണ്.
- പത്തനംതിട്ട ജില്ലയിലെ ജില്ലാ എസ് എസ് കെ ആഫീസ്, ബുക്ക് ഡിപ്പോ, വിദ്യാഭ്യാസ ഉപഡയറക്ടറുടെ ആഫീസ് ഇവ സ്കൂളിന്റെ കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.
- വിദ്യാരംഗം കലാസാഹിത്യ വേദിയുടെ പ്രവർത്തനം എടുത്തുപറയത്തക്കതാണ്.
- ഈ സ്കൂളിലെ കുട്ടികൾ ഇൻസ്പെയർ അവാർഡിനായി പങ്കെടുക്കുന്നു.
- ഭിന്നശേഷി സൗഹൃദ ക്ലാസ് മുറിയും അദ്ധ്യാപികയുടെ സേവനവും ഇവിടെ ലഭ്യമാണ്.
- പരിസ്ഥിതി ക്ലബ്ബിന്റെ പ്രവർത്തനം നല്ല രീതിയിൽ നടന്നുവരുന്നു.
- സ്കൂളിലെ ഉച്ചഭക്ഷണത്തിനാവശ്യമായ പച്ചക്കറികൾ അടുക്കളത്തോട്ടത്തിൽ നിന്നും ലഭ്യമാക്കുന്നു.
- സർക്കാർ വകുപ്പുകളും വിവിധ സംഘടനകളും നേതൃത്വം നൽകുന്ന നിരവധി മത്സരങ്ങളിൽ സ്കൂളിനെ പ്രതിനിധീകരിച്ച് വിദ്യാർത്ഥികൾ പങ്കെടുക്കുകയും മികച്ച നേട്ടങ്ങൾ കൈവരിക്കുകയും ചെയ്യുന്നു.

## നിലവിൽ സ്കൂൾ നേരിടുന്ന പ്രശ്നങ്ങൾ

1. സ്കൂളിന്റെ പരിസരപ്രദേശങ്ങളിൽ നിന്നും അധികമായി കുട്ടികൾ ഈ സ്കൂളിൽ പ്രവേശനം നേടുന്നില്ല.

## സ്ഥിതിവിവരകണക്ക് 2025-26

| ക്ലാസ് | പെൺകുട്ടികൾ | ആൺകുട്ടികൾ | ആകെ |
|---|---|---|---|
| V | 3 | 1 | 4 |
| VI | 4 | 0 | 4 |
| VII | 5 | 0 | 5 |
| VIII | 9 | 4 | 13 |
| IX | 8 | 4 | 12 |
| X | 8 | 0 | 8 |
| | 37 | 9 | 46 |

## എസ്.എസ്.എൽ.സി വിജയശതമാനം കഴിഞ്ഞ 18 വർഷങ്ങളിൽ

| ക്രമ നം | അദ്ധ്യയനവർഷം | വിജയശതമാനം |
|---|---|---|
| 1 | 2007-2008 | 100 |
| 2 | 2008-2009 | 100 |
| 3 | 2009-2010 | 100 |
| 4 | 2010-2011 | 100 |
| 5 | 2011-2012 | 100 |
| 6 | 2012-2013 | 100 |
| 7 | 2013-2014 | 100 |
| 8 | 2014-2015 | 100 |
| 9 | 2015-2016 | 100 |
| 10 | 2016-2017 | 100 |
| 11 | 2017-2018 | 100 |
| 12 | 2018-2019 | 100 |
| 13 | 2019-2020 | 100 |
| 14 | 2020-2021 | 100 |
| 15 | 2021-2022 | 100 |
| 16 | 2022-2023 | 100 |
| 17 | 2023-2024 | 100 |
| 18 | 2024-2025 | 100 |

## Govt. Model High School Thiruvalla 2025-26

| | | |
|---|---|---|
| Educational Sub District | : | Thiruvalla |
| Educational District | : | Thiruvalla |
| Municipality | : | Thiruvalla |
| Revenue District | : | Pathanamthitta |
| Deputy Director Education Office | : | Thiruvalla |
| Block Resource Center | : | Thiruvalla |
| Name of the Head Master | : | Ramesh Kumar K M |
| Mobile No | : | 9495734406 |
| Office Phone no | : | 0469-2601865 |

**Particulars of Staff**

| | | |
|---|---|---|
| Head Master | : | 1 |
| HSA Physics | : | 1 |
| HSA Maths | : | 1 |
| HSA Social Science | : | 1 |
| HSA Malayalam | : | 1 |
| HSA Hindi | : | 1 |
| UPSA | : | 3 |
| Clerk | : | 1 |
| Office Attendant | : | 2 |
| FTM | : | 1 |
| Vacancy | : | Nil |

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന കേരള ഗവൺമെന്റിന്റെ പൊതു വിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾക്ക് ഉദ്യോഗസ്ഥ തലത്തിലുള്ള സഹായ സഹകരണം ഉണ്ടാകുമെന്നുറപ്പ് സ്കൂളിനുണ്ട്. നഷ്ടപ്പെട്ട പ്രതാപം വീണ്ടെടുക്കുവാനും തിരുവല്ലയിലേയും പത്തനംതിട്ട ജില്ലയിലേതന്നെയും പ്രശസ്തമായ ഒരു സരസ്വതി ക്ഷേത്രമാക്കി മാറ്റാനുള്ള ഞങ്ങളുടെ ശ്രമം വിജയിക്കുമെന്ന് ഞങ്ങൾക്കുറപ്പുണ്ട്. ഈ വിദ്യാലയം പൊതു സമൂഹത്തിന്റേതാകട്ടെ.

സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളിൽ പെട്ട കുട്ടികളാണ് ഭൂരിഭാഗവും. ഈ വിദ്യാലയത്തിന്റെ 10 സെന്റ് സ്ഥലം പട്ടികജാതി വകുപ്പിന് കൈമാറിയിട്ടുണ്ട്. ആ സ്ഥലത്ത് ഒരു ഹോസ്റ്റൽ പ്രവർത്തിച്ചുവരുന്നു. ഈ പ്രീമെട്രിക് ഹോസ്റ്റലിലെ മുഴുവൻ കുട്ടികളും ഈ വിദ്യാലയത്തിൽ പഠിക്കുന്നു. പല ജില്ലകളിൽ നിന്നും വരുന്ന കുട്ടികളാണ് ഇവർ. ഹോസ്റ്റലിൽ 30 കുട്ടികൾക്ക് താമസിച്ച് പഠിക്കുന്നതിനുള്ള സൗകര്യമുണ്ട്.

പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ആഫീസും സർവ്വശിക്ഷാ കേരളയുടെ ജില്ലാ ആഫീസും പത്തനംതിട്ട ജില്ലാ ബുക്ക് ഡിപ്പോയും സ്കൂളിന്റെ കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചുവരുന്നത്. വളരെ പഴക്കം ചെന്ന കെട്ടിടത്തിലാണ് ഇവിടെ ക്ലാസ്സുകൾ പ്രവർത്തിക്കുന്നത്. അതിന്റേതായ പല അസൗകര്യങ്ങളും ഇവിടെ നിലനിൽക്കുന്നുണ്ട്. ചിതറിക്കിടക്കുന്ന ക്ലാസ്സ് മുറികൾ, ആഫീസ് മുറി എന്നിവ അസൗകര്യം സൃഷ്ടിക്കുന്നു. അഞ്ചുമുതൽ പത്തുവരെയുള്ള ക്ലാസ്സുകളാണ് ഇവിടെയുള്ളത്. പുതിയ ഒരു മൂന്നുനില കെട്ടിടം അതിൽ ക്ലാസ്സ് മുറികൾ, ലാബ്, ലൈബ്രറി, റീഡിംഗ് റൂം, കമ്പ്യൂട്ടർ റൂം, സെമിനാർ ഹാൾ അല്ലെങ്കിൽ കോൺഫറൻസ് ഹാൾ, ടോയിലറ്റ്സ്, ഹൈടെക് ക്ലാസ്സ് റൂംസ് ഇവയെല്ലാം ചേർന്ന് നിർമ്മിച്ചുകിട്ടുകയും VHSC/HSS ആക്കി ഉയർത്തുകയും ചെയ്താൽ കൂടുതൽ കുട്ടികളെ ഇവിടേക്ക് ആകർഷിക്കുവാൻ കഴിയും. ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളും മികച്ച വാഹന സൗകര്യവും ഏർപ്പെടുത്തിയാൽ കൂടുതൽ കുട്ടികൾ എത്തുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. SSK യുടെ ധനസഹായത്തിനുപുറമെ മുനിസിപ്പാലിറ്റിയിൽ നിന്നും സഹായസഹകരണങ്ങൾ സ്കൂളിന് ലഭിച്ചുവരുന്നു. അഞ്ചാംക്ലാസ്സുമുതൽ പത്താംക്ലാസ്സു വരെയുള്ള കുട്ടികൾ വൈദ്യുതീകരിച്ചതും കമ്പ്യൂട്ടർവൽകൃതറൂമുകൾ, ഫാൻ ഇട്ടിട്ടുള്ളതുമായ മുറികളിലിരുന്നാണ് പഠിക്കുന്നത്. ജൂനിയർ റെഡ്ക്രോസിന്റേയും SSSS യൂണിറ്റുകൾ ഇവിടെ വിജയകരമായി പ്രവർത്തിച്ചുവരുന്നു. വിവിധ ക്ലബ്ബുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നു.

സ്കൂളിന്റെ എല്ലാ വിഷയങ്ങളും കൈകാര്യം ചെയ്യുന്നതിന് പരിചയസമ്പന്നരായ ഒരു പറ്റം അദ്ധ്യാപകരാണുള്ളത്. ഇതിനു പുറമെ കുട്ടികൾക്ക് മാനസിക പിൻതുണ നൽകുന്നതിനായി ഒരു സ്ഥിരം കൗൺസിലറുടെ സേവനവും ഭിന്നശേഷി കുട്ടികളുടെ ഉന്നമനത്തിനായി ഭിന്നശേഷി സൗഹൃദ ക്ലാസ് റൂം ഉൾപ്പെടെ ഒരു അദ്ധ്യാപികയുടെ സേവനവും ഇവിടെ ലഭ്യമാണ്. കായിക പരിശീലനത്തിനായി ക്ലബിംഗ് മുഖേന ഒരു കായികാദ്ധ്യാപകന്റെ സേവനം ആഴ്ചയിൽ രണ്ടുദിവസം ലഭ്യമാണ്.

S.S.L.C പരീക്ഷയിൽ തുടർച്ചയായി 18-ാം വർഷവും കുട്ടികൾ 100% വിജയം നേടി.

കലാകായിക മേളകളിൽ ഈസ്കൂളിലെ കുട്ടികൾ അവരുടെ പ്രാവീണ്യം തെളിയിച്ചിട്ടുണ്ട്. ശാസ്ത്രസാമൂഹിക പ്രവൃത്തിപരിചയ മേളകളിൽ സംസ്ഥാനതലത്തിൽ പങ്കെടുക്കുന്നതിനുള്ള യോഗ്യത പല ഇനങ്ങളിലും നേടാൻ കഴിഞ്ഞിട്ടുണ്ട്.

## ആമുഖം

### ചരിത്രം

തിരുവല്ല നഗരഹൃദയത്തിൽ സ്ഥിതിചെയ്യുന്ന ഏക സർക്കാർ ഹൈസ്കൂളാണ് തിരുവല്ല ഗവൺമെന്റ് മോഡൽ ഹൈസ്കൂൾ. ഒരു നൂറ്റാണ്ടിലധികം പഴക്കമുള്ള ഈ വിദ്യാലയം ആദ്യകാലത്ത് മിക്സഡ് മലയാളം ഹൈസ്കൂളായിരുന്നു. അതോടൊപ്പം തന്നെ പ്രത്യേക വിഭാഗമായി ഒരു റിലീഫ് എൽ.പി.എസ് പ്രവർത്തിച്ചിരുന്നു. പിന്നീട് ഈ ക്ലാസ്സുകൾ Govt. B.T.S ലേക്ക് മാറ്റി 1949 ൽ ഈ സ്ഥാപനം പെൺകുട്ടികൾക്കുമാത്രമായി നീക്കി വെച്ചു. 1951 മാർച്ച് E.S.L.C അവസാന ബാച്ചായിരുന്നു. ജാതിമതഭേദമന്യേ മഠങ്ങളിലേയും കൊട്ടാരങ്ങളിലേയും ഉൾപ്പെടെ ധാരാളം പെൺകുട്ടികൾ പഠിച്ചിരുന്ന വിദ്യാലയമായിരുന്നു ഇത്. കലാകായിക രംഗങ്ങളിൽ ഏറ്റവും മികവ് നിലനിർത്തുകയും ചെയ്തിരുന്നു. 2018 അക്കാദമിക വർഷം മുതൽ ആ ൺകുട്ടികൾക്കും പ്രവേശനം അനുവദിച്ചു. ഇപ്പോൾ വിവിധ ക്ലാസ്സുകളിലായി 9 ആൺ കുട്ടികൾ പഠനം നടത്തിവരുന്നു. സാധുകുടുംബത്തിലേയും പിന്നാക്കവിഭാഗത്തിലേയും കുട്ടികളാണ് കൂടുതലും

ഇവിടെ പഠിക്കുന്നത്. സന്നദ്ധസംഘടനകളുടേയും പി.റ്റി എ യുടേയും സഹായത്തോടെ പഠനോപകരണങ്ങളും വാഹനസൗകര്യങ്ങളും ഇപ്പോൾ ലഭ്യമാക്കുന്നുണ്ട്. ഈ സ്കൂളിൽ മികച്ച ഒരു ലൈബ്രറിയും പ്രവർത്തനസുസ്സജ്ജമായ ലാബും, കമ്പ്യൂട്ടർലാബും, മൾട്ടീമീഡിയാ റൂമും

# GOVT.MODEL HIGH SCHOOL

# THIRUVALLA

# 2025-26

## ACADEMIC MASTER PLAN

**SCHOOL CODE : 37046**

**സ്കൂൾ സ്ഥാപിത വർഷം : 03-09-1902**